<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4229</u> <u>06-03-2023 - ൽ മറുപടിയ്ക്ക്</u>

## <u>തരൂർ നിയോജക മണ്ഡലത്തിലെ ആസ്ഥി വികസന ഫണ്ട് ടെൻഡർ സേവിംഗ്സ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ തരൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്ഥി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയുടെ നിലവിലെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ? | (എ) | **04.08.2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്.2017-18 സാമ്പത്തിക വർഷത്തിലെ ടെൻഡർ സേവിംഗ്സ് 42,96,345/- (നാല്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപയാണ്. 04.08.2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന, 17.12.2022-ലെ സ.ഉ(സാധാ)നം.145/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെൻഡർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2018-19, 2019-20, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല.**<br><br>**എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ (അച്ചടി) 161/2017/ധന പ്രകാരം ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല.** |

സെക്ഷൻ ഓഫീസർ